**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **27-02-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ എത്ര എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെ താലൂക്കുകളിൽ ആണെന്നും വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിൽ ഒരു യുവ സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. വയനാട് ഗോത്ര ട്രൈബൽ മൾട്ടിപർപ്പസ് യുവ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡബ്ല്യൂ371, വൈത്തിരി താലൂക്കിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | ഇത്തരം യുവ സഹകരണ സംഘങ്ങളിലൂടെ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴി വളർത്തൽ, പച്ചക്കറി കൃഷി, തേനീച്ച വളർത്തൽ, കൂൺ കൃഷി, അലങ്കാര മത്സ്യ കൃഷി, ഓർക്കിഡ്, ആന്തൂറിയം കൃഷി, മൃഗ പരിപാലനത്തിനുള്ള കൂട്ട നിർമ്മാണം, ഇൻഡസ്ട്രിയൽ വർക്ക്, തയ്യൽ, ആശാരിപ്പണി, പാൽ, മാംസ മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണം, കലാ സംഘം ട്രെയിനിംഗ് സെന്ററുകൾ, ആദിവാസി വൈദ്യം, പരമ്പരാഗത ഭക്ഷ്യരീതി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കൂടുതൽ യുവ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കൂടുതൽ യുവ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ